©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2014 സെപ്റ്റംബർ 10<br>10th September 2014<br>1190 ചിങ്ങം 25<br>25th Chingam 1190<br>1936 ഭാദ്രം 19<br>19th Bhadra 1936 | നമ്പർ<br>No. 2217 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 111/2014/തൊഴിൽ. *തിരുവനന്തപുരം, 2014 സെപ്റ്റംബർ 4.*
*1190 ചിങ്ങം 19*

**എസ്. ആർ. ഒ. നമ്പർ 535/2014.**—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 6-ാം വകുപ്പ്, പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2007 മാർച്ച് മാസം 24-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 37/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2007 മാർച്ച് മാസം 24-ാം തീയതിയിലെ 582-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 280/2007 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡയറക്ടർമാരായി

മൂന്നുവർഷക്കാലാവധി പൂർത്തിയാക്കിയ തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധികളായ ശ്രീ. ആനത്തലവട്ടം ആനന്ദൻ എക്സ്- എം.എൽ.എ, ശ്രീ. കുറ്റിയാനിക്കാട് മധു, തൊഴിലുടമാ പ്രതിനിധിയായ ശ്രീ. റ്റി. നാസ്സറുദ്ദീൻ എന്നിവരെ അതതു വിഭാഗങ്ങളിൽ ഡയറക്ടർമാരായി വീണ്ടും ഉൾപ്പെടുത്തിയും തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധിയായ ശ്രീ. തോപ്പിൽ സായ്, തോപ്പിൽ ബംഗ്ലാവ്, പേട്ട (പി.ഒ.), തിരുവനന്തപുരം-നുപകരം ശ്രീ. അരുൺ, റ്റി. സി., തകിടിയിൽ, ചിങ്ങവനം (പി.ഒ.), കോട്ടയം, സർക്കാർ പ്രതിനിധികളായ ശ്രീ. റ്റി. റ്റി. ആന്റണി ഐ.എ.എസ്. ലേബർ കമ്മീഷണർ, തിരുവനന്തപുരം, ശ്രീ. ജി. എൽ. മുരളീധരൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം എന്നിവർക്ക് പകരം യഥാക്രമം ശ്രീ. പി. ജി. തോമസ് ഐ.എ.എസ്, ലേബർ കമ്മീഷണർ, തൊഴിൽ ഭവൻ, വികാസ് ഭവൻ (പി. ഒ.), തിരുവനന്തപുരം, ശ്രീ. വി. എൽ. അനിൽകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം എന്നിവരെ നാമനിർദ്ദേശം ചെയ്തു കൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ,—

(i) "I. തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധികൾ" എന്ന ശീർഷകത്തിൻ കീഴിൽ, ക്രമനമ്പർ 1, 2, 3 എന്നിവയ്ക്ക് നേരെയുള്ള ഉൾക്കുറിപ്പുകൾക്ക് പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"ശ്രീ. ആനത്തലവട്ടം ആനന്ദൻ എക്സ്- എം.എൽ.എ,
ആനന്ദ ഭവൻ,
ചിറയിൻകീഴ് (പി.ഒ.), തിരുവനന്തപുരം.

ശ്രീ. അരുൺ, റ്റി. സി.,
തകിടിയിൽ,
ചിങ്ങവനം, കോട്ടയം

ശ്രീ. കുറ്റിയാനിക്കാട് മധു,
എ.ഐ.ടി.യു.സി ഓഫീസ്,
കോഡർ ലെയിൻ, തിരുവനന്തപുരം."

(ii) "II. തൊഴിലുടമാ പ്രതിനിധികൾ" എന്ന ശീർഷകത്തിൻ കീഴിൽ, ക്രമനമ്പർ 1-നു നേരെയുള്ള ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ശ്രീ. റ്റി. നാസ്സറുദ്ദീൻ,
ബ്യൂട്ടി സ്റ്റോഴ്സ്, എസ്.എം. സ്ട്രീറ്റ്,
കോഴിക്കോട്-1";

(iii) "III. സർക്കാർ പ്രതിനിധികൾ" എന്ന ശീർഷകത്തിൻ കീഴിൽ, ക്രമനമ്പർ 2, 5 എന്നിവയ്ക്ക് നേരെയുള്ള ഉൾക്കുറിപ്പുകൾക്ക് പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"ശ്രീ. പി. ജി. തോമസ് ഐ.എ.എസ്.,
ലേബർ കമ്മീഷണർ, തൊഴിൽ ഭവൻ,
വികാസ്ഭവൻ (പി. ഒ.), തിരുവനന്തപുരം.

ശ്രീ. വി. എൽ. അനിൽകുമാർ,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്
തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം-35."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 37/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2007 മാർച്ച് മാസം 24-ാം തീയതിയിലെ 582-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 280/2007 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെയും

സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധിയായിരുന്ന ശ്രീ. ആനത്തലവട്ടം ആനന്ദൻ എക്സ്- എം.എൽ.എ, ശ്രീ. കുറ്റിയാനിക്കാട് മധു, തൊഴിലുടമാ പ്രതിനിധി യായിരുന്ന ശ്രീ. റ്റി. നാസ്സറുദ്ദീൻ എന്നിവർ 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുശാസിക്കുന്ന മൂന്നുവർഷ കാലാവധി പൂർത്തിയായതിനാൽ ഇവരെ ഡയറക്ടർമാരായി വീണ്ടും ഉൾപ്പെടുത്തുന്നതിനും തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധിയായിരുന്ന ശ്രീ. തോപ്പിൽ സായ്, തോപ്പിൽ ബംഗ്ലാവ്, പേട്ട (പി.ഒ.), തിരുവനന്തപുരം രാജിവച്ച ഒഴിവിൽ ശ്രീ. അരുൺ, റ്റി. സി., തകിടിയിൽ, ചിങ്ങവനം (പി.ഒ.), കോട്ടയം-നെയും സർക്കാർ പ്രതിനിധികളായിരുന്ന ശ്രീ. റ്റി. റ്റി. ആന്റണി ഐ.എ.എസ്, ലേബർ കമ്മീഷണർ, തിരുവനന്തപുരം വിരമിച്ച ഒഴിവിലും ശ്രീ. ജി. എൽ. മുരളീധരൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം-നെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പദവിയിൽ നിന്നും മാറ്റിയ ഒഴിവിലും യഥാക്രമം ശ്രീ. പി. ജി. തോമസ് ഐ.എ.എസ്, ലേബർ കമ്മീഷണർ, തൊഴിൽ ഭവൻ, വികാസ് ഭവൻ (പി. ഒ.), തിരുവനന്തപുരം, ശ്രീ. വി. എൽ. അനിൽകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം എന്നിവരെ നാമനിർദ്ദേശം ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.